3124
9/2/18

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2001-2004) 46-ാം റിപ്പോർട്ട് ഖണ്ഡിക - 15 ലെ ശുപാർശ - ചന്ദനതടി ലേലം - വിൽപന നികുതി ഈടാക്കിയതിലെ ക്രമക്കേടുകൾ - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.68/2018/വനം തീയതി, തിരുവനന്തപുരം, 06.02.2018

---

പരാമർശം:-

1) 16.08.2012 ലെ 17746/എ 1/2009/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2) 02.11.2012 തീയതിയായി ശ്രീ.കെ.പി.ശശിധരൻ പിള്ള, സീനിയർ സൂപ്രണ്ട്, 30.11.2012 തീയതിയായി ശ്രീ.ഡി.രവീന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
3) 04.02.2014, 21.02.2014, എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി8-24152/10 നമ്പർ കത്തുകൾ
4) 09.04.2014 ലെ സ.ഉ.(സാധാ) നം.174/2014/വനം ഉത്തരവ്
5) 19.01.2016 ലെ 13869/എ 1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) 21.03.2016 തീയതിയായി ശ്രീ.ഡി.രവീന്ദ്രൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (റിട്ട.) സമർപ്പിച്ച വിശദീകരണം
7) 26.03.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി8-24152/10 നമ്പർ കത്ത്
8) 30.05.2017 ലെ 13869/എ 1/2015/വനം നമ്പർ സർക്കാർ കത്ത്
9) 07.12.2017 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(1)5449/17/GW നമ്പർ കത്ത്

## ഉത്തരവ്

മറയൂരിൽ 30.08.1995, 28.02.1996 കാലഘട്ടത്തിൽ നടന്ന ചന്ദനത്തടി ലേലത്തിലെ വിൽപ്പന നികുതി ഈടാക്കുന്നതിലെയും ബാങ്ക് ഗ്യാരന്റി

വിട്ടുകൊടുത്തതിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വശ്രീ.കെ.പി.ശശിധരൻ പിള്ള, ഡി.രവീന്ദ്രൻ എന്നിവർക്ക് പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

2) ശ്രീ.കെ.പി.ശശിധരൻ പിള്ളയ്ക്കെതിരെയുള്ള കുറ്റങ്ങൾ

(i) He suppressed the information on the pendency of OP.3364/96 and matters related to the issue involved therein while preparing and submitting the note to Divisional Forest Officer, Munnar and thereby mislead the then Divisional Officer, Munnar resulting in short collection of sales tax to the tune of Rs. 10,43,385/-.

(ii) He was responsible for the release of Bank Guarantee for Rs. 50,114/-furnished by M/s. Shaw Enterprises, Jyothirmany, 14/24, 1st Floor, M.G. Marg, Kanpoor as per the interim order dated 26.2.1996 in CMP No, 5864/96 in O.P.No. 3364/96 even though the OP was pending before the Hon'ble High Court.

(iii) He committed dereliction of duty by his failure in properly processing the file in this case and caused a loss of Rs. 10,93,799/- to the Government out of which his share in the total loss amounts to Rs. 1,43,706/-.

3) ശ്രീ.ഡി.രവീന്ദ്രന് എതിരെയുള്ള കുറ്റങ്ങൾ:

(i) He suppressed the information on the pendency of OP.3364/96 and matters related to the issue involved therein while preparing and submitting the note to Divisional Forest Officer, Munnar and thereby mislead the then Divisional Forest Officer, Munnar.

(ii) He committed dereliction of duty by his failure in properly processing the file in this case and caused a loss of Rs. 2,19,111/- to the Government.

4) കുറ്റാരോപിതർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലായെന്നും ടി വിഷയത്തിൽ ഒരു ഔപചാരികാന്വേഷണം നടത്തുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (3) പ്രകാരം ശുപാർശ ചെയ്തു.

5) ടി വിഷയത്തിൽ പരാമർശം (4) പ്രകാരം ഒരു ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും ഔപചാരികാന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കുകയും ചെയ്തു.

6) ഔപചാരികാന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ.ഡി.രവീന്ദ്രനെതിരെയുള്ള രണ്ട് ചാർജ്ജുകളും ശ്രീ.ശശിധരൻ പിള്ളയ്ക്കെതിരെയുള്ള മൂന്ന് ചാർജ്ജുകളും തെളിഞ്ഞു.

7) അന്വേഷണാധികാരി സർവ്വശ്രീ ഡി.രവീന്ദ്രൻ, കെ.പി.ശശിധരൻ പിള്ള എന്നിവരിൽ നിന്നും യഥാക്രമം സർക്കാർ നഷ്ടമായ 1,09,556/-രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അൻപത്തിയാറ് രൂപ മാത്രം), 75,886/- രൂപ (എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തിയാറു രൂപ മാത്രം) ഈടാക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി.

8) അന്വേഷണ റിപ്പോർട്ടും അതിന്മേലുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായവും അംഗീകരിച്ച് ശ്രീ.ഡി.രവീന്ദ്രൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ (റിട്ട)റുടെ ഡി.സി.ആർ.ജിയിൽ നിന്നും 1,09,556/- രൂപ ഈടാക്കുന്നതിനും ശ്രീ.കെ.പി.ശശിധരൻ പിള്ള, സീനിയർ സൂപ്രണ്ട് (റിട്ട) ന്റെ ഡി.സി.ആർ.ജിയിൽ നിന്നും 75,886/- രൂപ ഈടാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനും തീരുമാനിച്ചുകൊണ്ട് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

9) ടി നോട്ടീസിന് ടിയാന്മാർ കൈപ്പറ്റ് സമർപ്പിക്കുകയും ശ്രീ.ഡി.രവീന്ദ്രൻ പരാമർശം (6) പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (7) പ്രകാരം അറിയിക്കുയും ചെയ്തു.

10) ശ്രീ.ശശിധരൻ പിള്ള 23.02.2016 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും വിശദീകരണം സമർപ്പിച്ചില്ല. കാരണം കാണിക്കൽ നോട്ടീസിൽ തന്നെ ടി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിന്മേൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അത് സമർപ്പിക്കുവാനും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കുറ്റാരോപിതരുടെ മറുപടി ലഭിക്കാത്ത പക്ഷം ടിയാന്മാർക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ സർക്കാരിന്റെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

11) സർക്കാർ ഈ വിഷയം പരിശോധിക്കുകയും കാരണം കാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയ പ്രകാരം സർവ്വശ്രീ.ഡി.രവീന്ദ്രൻ, കെ.പി.ശശിധരൻ പിള്ള എന്നിവരുടെ അച്ചടക്ക നടപടി തീർപ്പാക്കാൻ താൽക്കാലികമായി തീരുമാനിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (8) പ്രകാരം ആരായുകയും ചെയ്തു. കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (9) പ്രകാരം അറിയിച്ചു.

13) മേൽ സാഹചര്യത്തിൽ സർവ്വശ്രീ.ഡി.രവീന്ദ്രൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ (റിട്ട)റുടെ ഡി.സി.ആർ.ജിയിൽ നിന്നും 1,09,556/- രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി അൻപത്തിയാറു രൂപ മാത്രം) ഈടാക്കുന്നതിനും, കെ.പി.ശശിധരൻ പിള്ള, സീനിയർ സൂപ്രണ്ട് (റിട്ട) ന്റെ ഡി.സി.ആർ.ജിയിൽ നിന്നും

75,886/- രൂപ (എഴുപത്തയ്യായിരത്തി എണ്ണൂറ്റി എൺപത്തിയാറു രൂപ മാത്രം) ഈടാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ (മുന്നൂറു രൂപ മാത്രം) വീതം മൂന്ന് വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനും തീരുമാനിച്ച് പരാമർശം (1) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വേണു വി.

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.ഡി.രവീന്ദ്രൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (റിട്ട)
ശ്രീ.കെ.പി.ശശിധരൻ പിള്ള, സീനിയർ സൂപ്രണ്ട് (റിട്ട) } (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ